**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടിക ജാതി പട്ടിക വർഗ സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാരുടെ പേരിൽ ബന്ധപ്പെട്ട ജില്ലാ/സബ് ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **8919/2017/ധന.** തിരുവനന്തപുരം, തീയതി **28.11.2017**

---

പരാമർശം - 19.08.2017 ലെ സഹകരണ സംഘം രജിസ്ട്രാറുടെ എസ്.സി.റ്റി. (1) 23564/15 നമ്പരായുള്ള കത്ത്

## <u>ഉത്തരവ്</u>

വാർഷിക പദ്ധതി 2017-18 ൽ പട്ടികജാതി/പട്ടിക വർഗ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധന സഹായം നൽകുന്ന പുതിയ പദ്ധതിയ്ക്ക് അനുവദിക്കുന്ന ധനസഹായ തുക, മാർഗനിർദേശത്തിലെ വ്യവസ്ഥകൾ പ്രകാരം ചെലവഴിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 22 പട്ടികജാതി/പട്ടിക വർഗ സഹകരണസംഘങ്ങളിലെ സെക്രട്ടറിമാരുടെ പേരിൽ ബന്ധപ്പെട്ട ജില്ലാ / സബ്ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാൻ അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 22 പട്ടികജാതി/പട്ടിക വർഗ സഹകരണസംഘങ്ങളിലെ (താഴെ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു) സെക്രട്ടറിമാരുടെ പേരിൽ ബന്ധപ്പെട്ട ജില്ലാ / സബ്ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ (B) വകുപ്പ് (e-file No: Co-Op-B3/303/2017-Co-Op പ്രകാരം )
ധനകാര്യ (അഗ്രി-സി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | സംഘത്തിന്റെ പേര് | ജില്ല |
|---|---|---|
| 1 | നെടുമങ്ങാട് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.2512 | തിരുവനന്തപുരം |
| 2 | ഭരതന്നൂർ പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. റ്റി.704 | തിരുവനന്തപുരം |
| 3 | വാളികോട്പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.1499 | തിരുവനന്തപുരം |
| 4 | നന്ദിയോട് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.1103 | തിരുവനന്തപുരം |
| 5 | വള്ളിച്ചിറ പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.1071 | തിരുവനന്തപുരം |
| 6 | പുനലൂർ പട്ടികജാതി/പട്ടിക വർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നം.ക്യൂ.439 | കൊല്ലം |
| 7 | കീരിക്കാട് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.എ.660 | ആലപ്പുഴ |
| 8 | എഴുപുന്ന പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.എ.815 | ആലപ്പുഴ |
| 9 | ചേപ്പാട് വില്ലേജ് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.775 | ആലപ്പുഴ |
| 10 | അയ്മനം പട്ടികജാതി/ പട്ടിക വർഗ്ഗ വിവിധോദ്ദേശ സർവീസ് സഹകരണ സംഘം ക്ലിപ്തം നം.എച്ച്.ഡബ്ള്യൂ.72 | കോട്ടയം |
| 11 | ഐരാപുരം വില്ലേജ് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.834 | എറണാകുളം |
| 12 | ആലങ്ങാട്-കരുമാല്ലൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. ഇ.763 | എറണാകുളം |
| 13 | പറവൂർ പട്ടികജാതി /പട്ടിക വർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നം.ഇ.569 | എറണാകുളം |
| 14 | ഞാറയ്ക്കൽ പട്ടികജാതി /പട്ടിക വർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നം. 739 | എറണാകുളം |
| 15 | മാടക്കത്തറ പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. ആർ. 745 | തൃശ്ശൂർ |
| 16 | എലപ്പുള്ളി പട്ടികജാതി സേവന സഹകരണ സംഘം ക്ലിപ്തം നം.പി.898 | പാലക്കാട് |
| 17 | ചെർപ്പുളശ്ശേരി പട്ടികജാതി സേവന സഹകരണ സംഘം ക്ലിപ്തം നം.പി.837 | പാലക്കാട് |
| 18 | കറുംബ പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നം.650 | പാലക്കാട് |
| 19 | നിലമ്പൂർ പട്ടിക വർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നം.എം.114 | മലപ്പുറം |
| 20 | വളാഞ്ചേരി പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.എം.20 | പാലക്കാട് |
| 21 | പരപ്പനങ്ങാടി പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.1717 | പാലക്കാട് |
| 22 | ബാലുശ്ശേരി പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.2312 | കോഴിക്കോട് |